**പതിനാലാം കേരളനിയമസഭ**

**പതിനഞ്ചാം സമ്മേളനം**

| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 133** | **28.05.2019-ൽ മറുപടിക്ക്** |
|---|---|

**സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റ്**

| **ചോദ്യം**<br>**ശ്രീ. കെ.ദാസൻ** | | **മറുപടി**<br>**പിണറായി വിജയൻ**<br>**മുഖ്യമന്ത്രി** | |
|---|---|---|---|
| (എ) | സ്കൂളുകൾക്ക് സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റ് അനുവദിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള മാനദണ്ഡങ്ങൾ നിലവിലുണ്ടോ; എങ്കിൽ ആയത് വ്യക്തമാക്കുന്ന ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | നിലവിലുണ്ട്. സ.ഉ (പി) 121/2010/ആഭ്യന്തരം തീയതി 29.10.2010 പ്രകാരവും, 23.05.2013 ലെ സംസ്ഥാനതല ഉപദേശക സമിതി തീരുമാന പ്രകാരവുമാണ് സ്കൂളുകളിൽ എസ്.പി.സി. പദ്ധതി അനുവദിക്കുന്നത്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ഇതോടൊപ്പം ചേർക്കുന്നു. |
| (ബി) | പുതിയ അപേക്ഷകളിൻമേൽ യൂണിറ്റ് അനുവദിക്കാനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ബി) | ഉണ്ട്. പുതിയതായി എസ്.പി.സി യൂണിറ്റ് അനുവദിയ്ക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവി ലഭ്യമാക്കിയിട്ടുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

# കേരള സർക്കാർ

## സംഗ്രഹം

ആഭ്യന്തര വകുപ്പ്—സംസ്ഥാനത്തെ സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നടപ്പിലാക്കൽ—പദ്ധതി രൂപരേഖ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

## ആഭ്യന്തര (ജി) വകുപ്പ്

**സ. ഉ. (പി) നമ്പർ 121/2010/ആഭ്യന്തരം.** **തിരുവനന്തപുരം, 2010 മേയ് 29.**

---

പരാമർശം:—1. സ. ഉ. (സാ) 78/2010/പൊ.വി.വ. തീയതി 6-1-2010.

2. പോലീസ് ഡയറക്ടർ ജനറലിന്റെ 24-2-2010-ലെ റ്റി 1/74315/2009 നമ്പർ കത്ത്.

## ഉത്തരവ്

പൗരബോധവും, ലക്ഷ്യബോധവും, സാമൂഹ്യ പ്രതിബദ്ധതയും, സേവന സന്നദ്ധതയുമുള്ള ഒരു യുവജനതയെ വാർത്തെടുക്കുന്നതിനായി സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് എന്ന പുതിയ പദ്ധതി നടപ്പിലാക്കുന്നതിനായി ഒരു നിർദ്ദേശം ഉയർന്നുവരികയുണ്ടായി. ഇതിനായി പോലീസ് ഡയറക്ടർ ജനറലിന്റെ മാർഗ്ഗ നിർദ്ദേശപ്രകാരം എറണാകുളം ക്രൈംബ്രാഞ്ച് പോലീസ് സൂപ്രണ്ട് ശ്രീ. പി. വിജയനും വൊക്കേഷണൽ ഹയർ സെക്കൻഡറി എൻ. എസ്. എസ്. സ്റ്റേറ്റ് കോ-ഓർഡിനേറ്റർ ശ്രീ. ഇ. ഫാസിലും സഹകരിച്ച് ഒരു പ്രാഥമിക പദ്ധതി രൂപരേഖ തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചു. എൻ. സി. സി. യുടെ അച്ചടക്കവും, എൻ. എസ്. എസ്.-ന്റെ സേവനമനോഭാവവും സമന്വയിപ്പിച്ച് ഒരു പുതിയ പ്രസ്ഥാനം വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തിലാണ് പദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളത്.

2. സംസ്ഥാനത്ത് ആലപ്പുഴ, എറണാകുളം റൂറൽ, കോഴിക്കോട് സിറ്റി എന്നീ പോലീസ് ജില്ലാ പരിധിയിൽ വരുന്ന 21 വിദ്യാലയങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിൽ കഴിഞ്ഞ അദ്ധ്യയന വർഷം ഈ പദ്ധതി നടപ്പിലാക്കിയിരുന്നു.

3. പരാമർശം (1)-ലെ ഉത്തരവ് പ്രകാരം ഓരോ ജില്ലയിലേയും രണ്ട് ഹയർസെക്കൻഡറി/വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി സർക്കാരിന് സാമ്പത്തിക ബാദ്ധ്യതയില്ലാതെ നടപ്പിലാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

2/5/10

GCPT 3/2210/2010/DTP.

4. പദ്ധതി നടത്തിപ്പിന്റെ വിശദാംശങ്ങൾ തീരുമാനിക്കുവാൻ ആഭ്യന്തര, ടൂറിസം വകുപ്പ് മന്ത്രിയുടെയും വിദ്യാഭ്യാസ, സാംസ്കാരിക വകുപ്പുമന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ നടന്ന ഉന്നതതല ചർച്ചയുടെ അടിസ്ഥാനത്തിൽ അടുത്ത അദ്ധ്യയന വർഷം സംസ്ഥാനത്തെ 100 സ്കൂളുകളിൽ ജൂനിയർ, സീനിയർ വിഭാഗത്തിൽ 2 ബാച്ചുൾക്കൊള്ളുന്ന സ്റ്റുഡന്റ് പോലീസ് കേഡറ്റിന്റെ 100 യൂണിറ്റുകൾ തുടങ്ങുവാൻ തീരുമാനിക്കുകയും പദ്ധതി നടത്തിപ്പിന് കേന്ദ്രീകൃത മോഡ്യൂളും, വിശദമായ പ്രവർത്തനരേഖയും തയ്യാറാക്കുന്നതിനായി ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു കോർ ഗ്രൂപ്പിനെ ചുമതലപ്പെടുത്തുകയും ചെയ്തു. കോർ ഗ്രൂപ്പ് പദ്ധതിരേഖയിൽ ആവശ്യമായ ഭേദഗതികൾ വരുത്തി പുതുക്കിയ പദ്ധതി തയ്യാറാക്കി. ചുവടെ ചേർത്തിട്ടുള്ള കാര്യങ്ങളാണ് പദ്ധതിയുടെ ലക്ഷ്യങ്ങളായി വിവക്ഷിച്ചിട്ടുള്ളത്.

(1) നിയമത്തെ അംഗീകരിക്കുകയും അനുസരിക്കുകയും ചെയ്യുന്ന ഒരു സമൂഹത്തെ സൃഷ്ടിക്കുക.

(2) വിദ്യാർത്ഥികളിൽ പൗരബോധം, സമത്വ ബോധം, മതേതര വീക്ഷണം, അന്വേഷണത്വര, നിരീക്ഷണപാടവം, നേതൃത്വശേഷി, സാഹസിക മനോഭാവം തുടങ്ങിയ മൂല്യങ്ങൾ വളർത്തുക.

(3) വിദ്യാർത്ഥികളിൽ സാമൂഹ്യ പ്രതിബദ്ധതയും സേവന സന്നദ്ധതയും സഹജീവി സ്നേഹവും വളർത്തുക.

(4) സാമൂഹ്യ തിന്മകളായ തീവ്രവാദം, വിഘടനവാദം, വർഗ്ഗീയത, ജാതീയത, ലഹരിഭ്രമം തുടങ്ങിയവയ്ക്കെതിരെ പ്രതികരിക്കാനും പ്രവർത്തിക്കാനും വിദ്യാർത്ഥികളെ സജ്ജരാക്കുക.

(5) ആഭ്യന്തര സുരക്ഷ, കുറ്റകൃത്യ നിവാരണം, ക്രമസമാധാനപാലനം, ഗതാഗത നിയന്ത്രണം, സാമൂഹ്യസേവനം തുടങ്ങിയ പ്രവർത്തനങ്ങളിൽ പോലീസ് സേനയോടൊപ്പം പ്രവർത്തിക്കുന്നതിന് വിദ്യാർത്ഥികളെ പ്രാപ്തരാക്കുക.

(6) എൻ. സി. സി., എൻ. എസ്. എസ്. തുടങ്ങിയ സന്നദ്ധ സംഘടനകളെ പോലെ സ്റ്റുഡന്റ് പോലീസ് കേഡറ്റിനെ ഒരു സ്വതന്ത്ര സാമൂഹ്യ സേവന വിഭാഗമായി വളർത്തുക.

(7) വിദ്യാർത്ഥികളിൽ പ്രകൃതിസ്നേഹം, പരിസ്ഥിതി സംരക്ഷണ ബോധം, പ്രകൃതി ദുരന്തങ്ങൾക്കെതിരെ പ്രവർത്തിക്കാനുള്ള സന്നദ്ധത എന്നിവ വളർത്തുക.

(8) സാമൂഹ്യ പ്രശ്നങ്ങളിൽ ഇടപെടാനും ദുരന്തഘട്ടങ്ങളിൽ ഉണർന്ന് പ്രവർത്തിക്കാനുമുള്ള മനോഭാവം വിദ്യാർത്ഥികളിൽ വളർത്തുക.

(9) സ്വഭാവശുദ്ധിയിലും പെരുമാറ്റശീലത്തിലും മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിലും ഒരു മാതൃകാ വിദ്യാർത്ഥി സമൂഹത്തെ വാർത്തെടുക്കുക.

(10) സമൂഹത്തിന്റെ സർവ്വോന്മുഖമായ പുരോഗതിക്കുവേണ്ടി നിസ്വാർത്ഥമായി പ്രവർത്തിക്കുന്ന ഒരു യുവസമൂഹത്തെ സൃഷ്ടിക്കുക.

5. അദ്ധ്യാപകരിൽ നിന്നും തെരഞ്ഞെടുക്കുന്ന ഒരു വ്യക്തി കമ്മ്യൂണിറ്റി പോലീസ് ഓഫീസറായും മറ്റൊരു വ്യക്തി അഡീഷണൽ കമ്മ്യൂണിറ്റി പോലീസ് ഓഫീസറായും സേവനമനുഷ്ഠിക്കുന്ന വിധമാണ് സ്റ്റുഡന്റ് പോലീസ് കേഡറ്റിന്റെ ഘടന വിഭാവനം ചെയ്തിരിക്കുന്നത്. ഇതിൽ ഒരാൾ അദ്ധ്യാപികയായിരിക്കും. സർക്കിൾ ഇൻസ്പെക്ടർ തലത്തിലുള്ള ഒരു ഉദ്യോഗസ്ഥൻ ലയിസൺ ഓഫീസറായി പ്രവർത്തിക്കും. ഇവരുടെ ചുമതലകളും പ്രവർത്തനങ്ങളും, കൂടാതെ വിദ്യാലയങ്ങൾ തെരഞ്ഞെടുക്കുന്നതിലെ മാനദണ്ഡം, പരിശീലന വിശദാംശങ്ങൾ, യൂണിഫോം എന്നിവ പദ്ധതി രൂപരേഖയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. നടത്തിപ്പിനായി സ്കൂൾതലം മുതൽ സംസ്ഥാനതലം വരെ ഉപദേശക സമിതികളും വിഭാവനം ചെയ്തിട്ടുണ്ട്. മൂന്നുതരം പരിശീലന പരിപാടികളാണ് വിഭാവനം ചെയ്തിട്ടുള്ളത്.

6. ആഴ്ചയിൽ ഒരു ദിവസം 45 മിനിറ്റ് പരേഡും 45 മിനിറ്റ് കായിക പരിശീലനവും മാസത്തിൽ ഒരു തവണ റൂട്ട് മാർച്ച്/ക്രോസ്കൺട്രിയും ഉദ്ദേശിക്കുന്നുണ്ട്. വർഷത്തിൽ 40 മണിക്കൂർ പഠന ക്ലാസ്സുകൾക്കായി നീക്കിവയ്ക്കേണ്ടതുണ്ട്. കൂടാതെ പ്രായോഗിക പരിശീലനം സമയലഭ്യതയ്ക്കനുസൃതമായി നൽകുന്നതാണ്. ഓണം/ക്രിസ്തുമസ് അവധിക്കാലങ്ങളിൽ ത്രിദിന ക്യാമ്പുകൾ അതത് സ്കൂളുകളിലും അദ്ധ്യയന വർഷാവസാനം 7 ദിവസത്തെ റസിഡൻഷ്യൽ ക്യാമ്പും സംഘടിപ്പിക്കുന്നതാണ്. ജൂൺ മുതൽ അടുത്ത മാർച്ച് വരെ നീളുന്ന അദ്ധ്യയന വർഷത്തിൽ അതത് മാസങ്ങളിൽ നടത്തേണ്ട പ്രവർത്തനങ്ങളും പരിശീലനപരിപാടികളും വ്യക്തമാക്കുന്ന വിശദമായ പ്രവർത്തന കലണ്ടർ ഷെഡ്യൂൾ ചെയ്തിട്ടുണ്ട്. ഇതുപ്രകാരം ഒരു വിദ്യാർത്ഥിക്ക് ശരാശരി 130 മണിക്കൂർ സേവനം ഒരു വർഷം വിഭാവനം ചെയ്യുന്നു.

7. കേഡറ്റുകൾക്കും അനുബന്ധ ഉദ്യോഗസ്ഥർക്കും യൂണിഫോം, കമ്മ്യൂണിറ്റി പോലീസ് ഓഫീസർക്കുള്ള അലവൻസ്, പരേഡ് ദിവസങ്ങളിലെ ഭക്ഷണ അനുബന്ധ ചെലവുകൾ, പഠനക്ലാസുകൾ, ക്യാമ്പുകൾ, യാത്രകൾ എന്നിവയ്ക്കുള്ള ചെലവുകൾക്കുള്ള തുക പദ്ധതികൊണ്ട് പ്രയോജനം ലഭിക്കാവുന്ന ആഭ്യന്തര, വിദ്യാഭ്യാസ, തദ്ദേശസ്വയംഭരണ, മോട്ടോർവാഹന, വനം, എക്സൈസ് എന്നീ വകുപ്പുകളുടെ നിലവിലുള്ള അടങ്കലുകളിൽനിന്നും വകയിരുത്തിക്കൊണ്ട് നിർവ്വഹിക്കേണ്ടതാണ്. കൂടാതെ റോഡ് സേഫ്റ്റി ഫണ്ട്, ജനമൈത്രി സുരക്ഷാ ഫണ്ട്, നിർദ്ദിഷ്ട രാഷ്ട്രീയ മാധ്യമശിക്ഷാ അഭിയാൻ എന്നിവയിൽ നിന്നും തുക വകയിരുത്തേണ്ടതുമാണ്.

8. പദ്ധതി ആദ്യഘട്ടമായി അടുത്ത അദ്ധ്യയന വർഷം (2010-2011) മുതൽ ആരംഭിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഓരോ പോലീസ് ജില്ലയിലെയും ആറ് സ്കൂളുകളിലാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. സർക്കാർ ധനസഹായം ലഭിക്കാത്ത അംഗീകൃത പബ്ലിക് സ്കൂളുകളിൽ അവരുടെ സ്വന്തം ചെലവിൽ പദ്ധതി നടപ്പിലാക്കാൻ സഹായം നൽകുന്നതാണ്.

9. ഭാവി സമൂഹത്തെ പടുത്തുയർത്തുവാനുള്ള ഒരു സംരംഭം എന്നുള്ള നിലയിൽ പദ്ധതിയുടെ നയരൂപീകരണത്തിലും നടത്തിപ്പിലും യാതൊരുവിധ വിഭാഗീയതയും സങ്കുചിത താൽപ്പര്യങ്ങളും കടന്നുകൂടാതിരിക്കാൻ പ്രത്യേകം ശ്രദ്ധിച്ച് പദ്ധതി നടപ്പിലാക്കേണ്ടതാണ്. പദ്ധതിയുടെ വിവിധ ഘട്ടങ്ങൾ നടപ്പിലാക്കുന്നതിനുള്ള സമയക്രമം പദ്ധതി രേഖയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

10. പദ്ധതിരേഖ സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. അടുത്ത അദ്ധ്യയനവർഷം (2010-2011) മുതൽ പ്രസ്തുത പദ്ധതിരേഖയിൽ വിഭാവനം ചെയ്തിട്ടുള്ള പ്രകാരം സംസ്ഥാനത്ത് സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നടപ്പിലാക്കുന്നതിന് തത്വത്തിൽ അനുമതി നൽകി പദ്ധതി രൂപരേഖ അംഗീകരിച്ച് ഉത്തരവാകുന്നു.

പദ്ധതിരേഖ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

കെ. ജയകുമാർ,
*അഡീഷണൽ ചീഫ് സെക്രട്ടറി*

പോലീസ് ഡയറക്ടർ ജനറൽ, തിരുവനന്തപുരം.
ഹയർ സെക്കൻഡറി വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം.
എൻ. എസ്. എസ്. സ്റ്റേറ്റ് ലെയ്സൺ ഓഫീസർ.
ശ്രീ. പി. വിജയൻ, എറണാകുളം ക്രൈംബ്രാഞ്ച് പോലീസ് സൂപ്രണ്ട്.
ഉന്നതവിദ്യാഭ്യാസ (എ) വകുപ്പ്.
പൊതു വിദ്യാഭ്യാസ വകുപ്പ് (എല്ലാ സെക്ഷനുകൾക്കും).
പൊതുഭരണ (എസ്. സി.) വകുപ്പ് (ഐറ്റം നമ്പർ............തീയതി.........പ്രകാരം).
വിവര പൊതുജന സമ്പർക്ക വകുപ്പ്.

പകർപ്പ്—ആഭ്യന്തര വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
വിദ്യാഭ്യാസ, സാംസ്കാരിക മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
ധനകാര്യ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
ആഭ്യന്തര വിജിലൻസ് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി. എ.
പൊതു വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി. എ.

# സ്റ്റുഡന്റ് പോലീസ് കേഡറ്റ്

## പ്രവർത്തനപദ്ധതി രൂപരേഖ

# STUDENT POLICE CADET

## സ്റ്റുഡന്റ് പോലീസ് കേഡറ്റ് എന്ത് ?

ജാഗരൂകവും, സമാധാനപരവും, വികസനോന്മുഖവുമായ ഒരു സമൂഹ സൃഷ്ടിക്കായ് അച്ചടക്കം, ഉത്തരവാദിത്തബോധം, സാമൂഹ്യ പ്രതിബദ്ധത, സേവന സന്നദ്ധത തുടങ്ങിയ ലക്ഷ്യങ്ങൾ മുൻനിർത്തി പ്രവർത്തിക്കുന്ന ഒരു വിദ്യാർത്ഥി-കർമ്മസേനയാണ് സ്റ്റുഡന്റ് പോലീസ് കേഡറ്റ്.

## സ്റ്റുഡന്റ് പോലീസ് കേഡറ്റ് എന്തിന് ?

കുട്ടികൾക്ക് ലക്ഷ്യബോധവും ഗുണമേന്മയും ഉള്ള വിദ്യാഭ്യാസം നൽകി അവരുടെ കർമ്മശേഷി വികസിപ്പിച്ച് സാമൂഹ്യ വികസനത്തിന് ഉപയുക്തമാക്കുന്നതിൽ രക്ഷാകർത്താക്കൾക്കും, സർക്കാരിനും ഒരുപോലെ ബാദ്ധ്യതയുണ്ട്. വൈജ്ഞാനിക മേഖലയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന സ്ഫോടനാത്മകമായ പരിവർത്തനങ്ങളും വിവര സാങ്കേതിക വിദ്യയിലുണ്ടാകുന്ന വികാസവും വിദ്യാഭ്യാസത്തിന്റെ സാധ്യതയും സാമൂഹ്യപ്രസക്തിയും വർദ്ധിപ്പിച്ചിട്ടുണ്ട്. പൊതുവെ മികവുള്ള കേരളത്തിലെ വിദ്യാർത്ഥി സമൂഹത്തെ കൂടുതൽ ചടുലമാക്കാൻ ഈ മാറ്റങ്ങൾ വഴിതെളിച്ചിട്ടുണ്ട്. എന്നാൽ സൈദ്ധാന്തികമായ അറിവ് നേടിയതുകൊണ്ട് മാത്രം സാമൂഹ്യബോധമുള്ള പൗരന്മാരായി വിദ്യാർത്ഥികൾ വളർന്നുകൊള്ളണമെന്നില്ല. പ്രത്യേകിച്ചും സ്വാർത്ഥ താൽപ്പര്യങ്ങളിൽ അധിഷ്ഠിതമായ കമ്പോള സംസ്കാരം നമ്മുടെ സമൂഹത്തെ പൊതുവിലും യുവജനങ്ങളെ പ്രത്യേകിച്ചും കീഴടക്കിക്കൊണ്ടിരിക്കുന്ന ഈ കാലത്ത് അതിനാൽ പാഠ്യപദ്ധതിയോടൊപ്പം പൗരബോധവും, ലക്ഷ്യബോധവും, സാമൂഹ്യ പ്രതിബദ്ധതയും, സേവന സന്നദ്ധതയുമുള്ള ഒരു സമൂഹമായി വിദ്യാർത്ഥികളെ വളർത്തിയെടുക്കണമെങ്കിൽ ബോധപൂർവ്വമായ പരിശ്രമം ആവശ്യമാണ്.

തങ്ങളുടെ അവകാശങ്ങളും, കടമകളേയും കുറിച്ച് ബോധമുള്ളതും സാമൂഹ്യ തിൻമകൾക്കെതിരെ പ്രതികരിക്കാൻ ശേഷിയുള്ളതും നിയമവാഴ്ചയെ ബഹുമാനിക്കുന്ന ജനാധിപത്യ ബോധമുള്ളതുമായ ഒരു സമൂഹത്തെ വാർത്തെടുക്കുന്നതിന് വിദ്യാർത്ഥികളുടെ കർമ്മശേഷിയെ ഉപയോഗിക്കുകയെന്നതാണ് സ്റ്റുഡന്റ് പോലീസ് കേഡറ്റ് ഉദ്ദേശിക്കുന്നത്. സംസ്ഥാനത്ത് വിദ്യാഭ്യാസ വകുപ്പും, ആഭ്യന്തര വകുപ്പും ഒത്തുചേർന്ന് നടപ്പാക്കുന്ന ഈ നൂതന പാഠ്യാനുബന്ധ പദ്ധതി നിയമ പരിപാലനത്തിലും ആഭ്യന്തര സുരക്ഷാ രംഗത്തും കേരളം സൃഷ്ടിക്കുന്ന ഒരു മാതൃകയായിരിക്കും.

## ലക്ഷ്യങ്ങൾ

1. നിയമത്തെ അംഗീകരിക്കുകയും അനുസരിക്കുകയും ചെയ്യുന്ന ഒരു സമൂഹത്തെ സൃഷ്ടിക്കുക.
2. വിദ്യാർത്ഥികളിൽ പൗരബോധം, സമത്വ ബോധം, മതേതര വീക്ഷണം, അന്വേഷണത്വര, നിരീക്ഷണപാടവം, നേതൃത്വശേഷി, സാഹസികമനോഭാവം തുടങ്ങിയ മൂല്യങ്ങൾ വളർത്തുക.

3. വിദ്യാർത്ഥികളിൽ സാമൂഹ്യ പ്രതിബദ്ധതയും, സേവന സന്നദ്ധതയും, സഹജീവി സ്നേഹവും വളർത്തുക.

4. സാമൂഹ്യ തിന്മകളായ തീവ്രവാദം, വിഘടനവാദം, വർഗ്ഗീയത, ജാതീയത, ലഹരിഭ്രമം തുടങ്ങിയവയ്ക്കെതിരെ പ്രതികരിക്കാനും പ്രവർത്തിക്കാനും വിദ്യാർത്ഥികളെ സജ്ജരാക്കുക.

5. ആഭ്യന്തര സുരക്ഷ, കുറ്റകൃത്യ നിവാരണം, ക്രമസമാധാനപാലനം, ഗതാഗത നിയന്ത്രണം, സാമൂഹ്യസേവനം തുടങ്ങിയ പ്രവർത്തനങ്ങളിൽ പോലീസ് സേനയോടൊപ്പം പ്രവർത്തിക്കുന്നതിന് വിദ്യാർത്ഥികളെ പ്രാപ്തരാക്കുക.

6. എൻ. സി. സി., എൻ. എസ്. എസ്. തുടങ്ങിയ സന്നദ്ധ സംഘടനകളെ പോലെ സ്റ്റുഡന്റ് പോലീസ് കേഡറ്റിനെ ഒരു സ്വതന്ത്ര സാമൂഹ്യ സേവന വിഭാഗമായി വളർത്തുക.

7. വിദ്യാർത്ഥികളിൽ പ്രകൃതിസ്നേഹം, പരിസ്ഥിതി സംരക്ഷണ ബോധം, പ്രകൃതി ദുരന്തങ്ങൾക്കെതിരെ പ്രവർത്തിക്കാനുള്ള സന്നദ്ധത എന്നിവ വളർത്തുക.

8. സാമൂഹ്യ പ്രശ്നങ്ങളിൽ ഇടപെടാനും, ദുരന്തഘട്ടങ്ങളിൽ ഉണർന്ന് പ്രവർത്തിക്കാനുമുള്ള മനോഭാവം വിദ്യാർത്ഥികളിൽ വളർത്തുക.

9. സ്വഭാവശുദ്ധിയിലും, പെരുമാറ്റശീലത്തിലും മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിലും ഒരു മാതൃകാ വിദ്യാർത്ഥി സമൂഹത്തെ വാർത്തെടുക്കുക.

10. സമൂഹത്തിന്റെ സർവ്വോന്മുഖമായ പുരോഗതിക്കുവേണ്ടി നിസ്വാർത്ഥമായി പ്രവർത്തിക്കുന്ന ഒരു യുവസമൂഹത്തെ സൃഷ്ടിക്കുക.

## ഘടന

### സ്റ്റുഡന്റ് പോലീസ് കേഡറ്റ്

ഹൈസ്ക്കൂൾ വിംഗ് സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയെ സ്റ്റുഡന്റ് പോലീസ് കേഡറ്റ്-ഹൈസ്ക്കൂൾ വിംഗ് എന്നും, ഹയർസെക്കന്ററി തലത്തിൽ നടപ്പിലാക്കുന്ന പദ്ധതിയെ സ്റ്റുഡന്റ് പോലീസ് കേഡറ്റ് എന്നും നാമകരണം ചെയ്യപ്പെട്ടിരിക്കുന്നു. പരിശീലനത്തിന്റെ വിജയകരമായ ഓരോ വർഷം പൂർത്തിയാക്കുമ്പോഴേക്കും ഓരോ സ്റ്റാർ നൽകി സ്ഥാനക്കയറ്റം നൽകുന്നതാണ്.

### കമ്മ്യൂണിറ്റി പോലീസ് ഓഫീസർ

സ്റ്റുഡന്റ്-പോലീസ് പദ്ധതി നടപ്പിലാക്കുന്നതിന് നേതൃത്വം നല്കുക, കേഡറ്റുകളെ പരിശീലിപ്പിക്കുക, കലാലയവും പോലീസും തമ്മിലുള്ള ബന്ധത്തിന് നിദാനമാകുക എന്നിവയാണ് സി. പി. ഒ.-യുടെ ചുമതലകൾ.

അദ്ധ്യാപകരിൽനിന്നും തെരഞ്ഞെടുത്ത വ്യക്തിയായിരിക്കും കമ്മ്യൂണിറ്റി പോലീസ് ഓഫീസർ. പദ്ധതി നടത്തിപ്പിനായി ഒരു അഡീഷണൽ സി.പി.ഒ.-യെ നിയമിക്കാവുന്നതാണ്. അദ്ധ്യാപിക-അദ്ധ്യാപകൻമാരിൽ നിന്ന് സാമൂഹിക പ്രതിബദ്ധതയും സേവന സന്നദ്ധതയുമുള്ള 2 പേരെ പ്രിൻസിപ്പാളിന് നിയോഗിക്കാവുന്നതാണ്. സി.പി.ഒ.-യോ അഡീഷണൽ സി.പി.ഒ.-യോ ഒരാൾ അദ്ധ്യാപികയായിരിക്കണം. തെരഞ്ഞെടുക്കപ്പെട്ട അദ്ധ്യാപകർക്ക് ജില്ലാപോലീസ് സൂപ്രണ്ട് ആവശ്യമായ വിദഗ്ദ്ധ പരിശീലനം നല്കുന്നതാണ്. സി.പി.ഒ.-യ്ക്കും അഡീഷണൽ സി.പി.ഒ.-യ്ക്കും ഓണററി എസ്.ഐ. റാങ്ക് നല്കുന്നതാണ്. എൻ. എസ്. എസ്.-ന്റെയും സ്കൗട്ട് ആന്റ് ഗൈഡിന്റെയും ചുമതലയുള്ള അദ്ധ്യാപകർ ഉള്ള സ്ഥലങ്ങളിൽ അവരെ സി. പി. ഒ. ആയി നിയോഗിക്കാൻ പരിഗണിക്കപ്പെടാവുന്നതാണ്.

## പോലീസ്-സ്റ്റുഡന്റ് ലെയ്സൺ ഓഫീസർ

കലാലയവും പോലീസും തമ്മിലുള്ള ബന്ധം നിലനിർത്തുന്നതിന് കുറഞ്ഞത് സർക്കിൾ ഇൻസ്പെക്ടർ റാങ്കിലുള്ള ഒരു പോലീസ് ഉദ്യോഗസ്ഥനെ ലെയ്സൺ ഓഫീസറായി നിയമിക്കാവുന്നതാണ്. സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ നടത്തിപ്പിൽ പ്രധാന പങ്ക് ഇദ്ദേഹം വഹിക്കേണ്ടതായിട്ടുണ്ട്. കേഡറ്റുകൾ ഉള്ള യൂണിറ്റുകളിൽ പോലീസിനെ പരിശീലനവേളയിൽ ഇദ്ദേഹം നിയോഗിക്കേണ്ടതാണ്.

## ചുമതലകളും പ്രവർത്തനങ്ങളും

1. സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾക്കായി സംഘടിപ്പിക്കുന്ന കായിക പരിപാടികൾ, ഡ്രിൽ, പരേഡ്, ക്യാമ്പുകൾ, പഠനക്ലാസ്സുകൾ, യാത്രകൾ എന്നിവയിൽ സജീവമായി പങ്കെടുക്കുക.
2. വിവിധ സർക്കാർ ഇതര സംഘടനകളുമായി ചേർന്ന് സഹപാഠികൾക്കായി നിയമസാക്ഷരത ക്ലാസുകൾക്ക് നേതൃത്വം നല്കുക.
3. മയക്കുമരുന്നിനും തീവ്രവാദത്തിനും മറ്റു സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾക്കുമെതിരെ കൂട്ടായ്മ, ലഘുനാടകങ്ങൾ, മോണോആക്ടുകൾ, ഉപന്യാസ മത്സരം, ഫിലിം ഷോ എന്നിവ സംഘടിപ്പിക്കുക.
4. ക്ലാസ്മുറിക്കകത്തും പുറത്തുമായി നടക്കുന്ന അച്ചടക്കരാഹിത്യം, അനാരോഗ്യ പ്രവണത എന്നിവ മനസ്സിലാക്കി അതാത് ക്ലാസ്ടീച്ചർമാരുടെയും പ്രധാന അദ്ധ്യാപകരുടെയും ശ്രദ്ധയിൽ കൊണ്ടുവരിക.
5. രാജ്യസ്നേഹം ജീവിതവ്രതമാക്കുകയും രാജ്യത്തിന്റെ വികസനത്തിൽ അതീവ തത്പരരാകുകയും ചെയ്യുക. ദേശീയ ഉത്സവങ്ങൾ ആഘോഷിക്കുകയും, ദേശീയ പ്രതീകങ്ങളെ ആദരിക്കുകയും ദേശത്തിന്റെ വളർച്ചയിൽ അഭിമാനം കൊള്ളുകയും ചെയ്യുക.
6. നിയമവിധേയത്വം ജീവിതചര്യയാക്കുകയും അതിനായി സഹപാഠികളെയും കുടുംബാംഗങ്ങളെയും പ്രേരിപ്പിക്കുകയും ചെയ്യുക.

7. ക്രമസമാധാനപാലനത്തിലും കുറ്റകൃത്യനിവാരണത്തിലും പോലീസ് സേനയ്ക്കൊപ്പം നിന്ന് പ്രവർത്തിക്കുവാൻ യുവതലമുറയുടെ നെറ്റ്‌വർക് രൂപീകരിക്കുക.
8. ക്രൈം സ്റ്റോപ്പർ, പോലീസ് ഹെൽപ്പ്ലൈൻ തുടങ്ങിയ ടെലിഫോൺ നമ്പറുകൾ വിദ്യാർത്ഥികളുടെ ഇടയിൽ പ്രചരിപ്പിക്കുകയും കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള വിവരങ്ങൾ പോലീസിനു കൈമാറുവാൻ കുടുംബാംഗങ്ങളെയും സഹപാഠികളെയും പ്രേരിപ്പിക്കുക.
9. പോലീസും പൊതുസമൂഹവും തമ്മിലുള്ള അകൽച്ച ലഘൂകരിക്കുക.
10. പോലീസ് സ്റ്റേഷൻ, കോടതി, ജയിൽ നടപടികൾ മനസിലാക്കുന്നതിനായി സന്ദർശനം നടത്തുകയും പ്രവർത്തന റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്യുക.
11. വ്യക്തിത്വവികസനത്തിനും നേതൃശേഷി വികസിപ്പിക്കുന്നതിനുംവേണ്ടി പ്രത്യേക പരിശീലനക്ലാസുകൾ സംഘടിപ്പിക്കുക.

**സ്റ്റുഡന്റ്-പോലീസ് കേഡറ്റ് പദ്ധതി നടപ്പിലാക്കുന്നതിന് ഒരു വിദ്യാലയത്തെ തെരഞ്ഞെടുക്കുമ്പോൾ ശ്രദ്ധിക്കേണ്ട മാനദണ്ഡങ്ങൾ**

1. സജീവമായതും സേവനപാരമ്പര്യവുമുള്ള അദ്ധ്യാപക രക്ഷാകർത്തൃ സമിതിയുണ്ടായിരിക്കണം.
2. സ്റ്റുഡന്റ് പോലീസ് കേഡറ്റിന്റെ നടത്തിപ്പിനായി ഒരു അദ്ധ്യാപകനും ഒരു അദ്ധ്യാപികയെങ്കിലും സന്നദ്ധരായിരിക്കണം.
3. കായികപരിശീലനത്തിനായി അനുയോജ്യമായ ഒരു ഗ്രൗണ്ട് ഉണ്ടായിരിക്കണം.
4. ഹൈസ്കൂളിലും ഹയർസെക്കന്ററി സ്കൂളിലുമായി 500-ൽ കൂടുതൽ കുട്ടികൾ പഠിക്കുന്ന സർക്കാർ, സർക്കാർ എയ്ഡഡ് വിദ്യാലയങ്ങളായിരിക്കണം.
5. നിലവിൽ സ്റ്റുഡന്റ്-പോലീസ് കേഡറ്റുകൾക്ക് പരിശീലനം നൽകുന്ന എല്ലാ സ്കൂളുകളേയും ഉൾപ്പെടുത്താവുന്നതാണ്.
6. ഒരു പോലീസ് സർക്കിളിൽ ഒരു വിദ്യാലയം എന്ന നിലയിൽ ഒരു പോലീസ് ജില്ലയിൽ പരമാവധി 6 സ്കൂളുകൾ അനുവദിക്കാവുന്നതാണ്.

**ഒരു വിദ്യാർത്ഥിയെ സ്റ്റുഡന്റ് പോലീസ് കേഡറ്റിലേക്ക് തെരഞ്ഞെടുക്കുന്നതിന് വേണ്ടിയുള്ള യോഗ്യതകൾ**

1. തൊട്ടുമുമ്പുള്ള വാർഷികപരീക്ഷയിൽ ചുരുങ്ങിയത് സി പ്ലസ് ഗ്രേഡ് (50%) നേടിയിരിക്കണം.

2. നിശ്ചിത ശാരീരിക യോഗ്യതയുണ്ടാകുകയും, വൈദ്യപരിശോധനയിൽ അയോഗ്യത കൽപ്പിക്കാതിരിക്കുകയും വേണം.

3. പ്രധാന അദ്ധ്യാപകൻ നൽകുന്ന സ്വഭാവ സർട്ടിഫിക്കറ്റും, രക്ഷാകർത്താവിന്റെ സമ്മതപത്രവും ഉണ്ടാകണം.

## ഭരണനിർവ്വഹണം

**ഉപദേശക സമിതികൾ**

വളരെയധികം കാര്യക്ഷമതയോടും ശ്രദ്ധയോടുംകൂടി നടത്തിക്കൊണ്ടു പോകേണ്ടുന്ന കർമ്മപരിപാടിയാണ് സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി. തുടർച്ചയായ മേൽനോട്ടവും വിലയിരുത്തലും ഇതിന്റെ വിജയത്തിനനിവാര്യമാണ്. അതുകൊണ്ടുതന്നെ പദ്ധതിയുടെ നിർവ്വഹണത്തിനായി പ്രവർത്തക സമിതികളുടേയും ഉപദേശക സമിതിയുടേയും ശ്രേണി തന്നെ രൂപീകരിക്കേണ്ടതുണ്ട്.

**സ്കൂൾതല ഉപദേശക സമിതി**

സ്കൂൾതല പ്രവർത്തനസമിതിയിൽ സ്കൂൾ പ്രിൻസിപ്പൽ, സ്ഥലം സർക്കിൾ ഇൻസ്പെക്ടർ/സബ് ഇൻസ്പെക്ടർ, പി.ടി.എ. പ്രസിഡന്റ്, വിദ്യാഭ്യാസ, വനംവകുപ്പ്, എക്സൈസ്, മോട്ടോർ വാഹന വകുപ്പുകളുടെ പ്രതിനിധികൾ, സ്ഥലത്തെ തദ്ദേശ സ്ഥാപനത്തിലെ വാർഡ് മെമ്പർ/കൗൺസിലർ, സ്റ്റാഫ് സെക്രട്ടറി എന്നിവർ അംഗങ്ങളായിരിക്കേണ്ടതാണ്.

**ജില്ലാ ഉപദേശക സമിതി**

ജില്ലാതല ഉപദേശക സമിതിയിൽ, ജില്ലാകളക്ടർ രക്ഷാധികാരിയും ജില്ലാ പോലീസ് സൂപ്രണ്ട്/കമ്മീഷണർ ചെയർമാനും ജില്ലാ പഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, ജില്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, ആർ.ഡി.ഡി. (HSS), അസിസ്റ്റന്റ് ഡയറക്ടർ (VHSS), വനം, എക്സൈസ്, മോട്ടോർ വാഹന വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നിവയുടെ ജില്ലാതല അധികാരികൾ അംഗങ്ങളും ആക്കാവുന്നതാണ്.

**സംസ്ഥാനതല ഉപദേശക സമിതി**

ഡി.ജി.പി. ചെയർമാനും വിദ്യാഭ്യാസ സെക്രട്ടറി കൺവീനറുമായ സമിതിയിൽ ഡി.പി.ഐ. ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി, വനം, എക്സൈസ്, മോട്ടോർ വാഹന വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, എൻ.എസ്.എസ്, സ്റ്റേറ്റ് ലെയ്സൺ ഓഫീസ് എന്നിവയുടെ സംസ്ഥാനതല അധികാരികൾ അംഗങ്ങൾ ആയിരിക്കണം.

ജില്ലാതലത്തിലെയും സംസ്ഥാനതലത്തിലെയും ഉപദേശകസമിതികളെ സഹായിക്കുന്നതിനും പദ്ധതിയുടെ നടത്തിപ്പിനുമായി നോഡൽ ഓഫീസർമാരെ നിയമിക്കാവുന്നതാണ്. ജില്ലാതലത്തിൽ ഡി.വൈ.എസ്.പി. റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥനും സംസ്ഥാനതലത്തിൽ സീനിയർ എസ്.പി. റാങ്കിൽ കുറയാത്ത ഐ. പി. എസ്. ഉദ്യോഗസ്ഥനെയും നിയമിക്കാവുന്നതാണ്.

## ധനകാര്യം

കേഡറ്റുകൾക്കും അനുബന്ധ ഉദ്യോഗസ്ഥർക്കും യൂണിഫോം നൽകുന്നതിനു പരേഡ് ദിവസങ്ങളിൽ ലഘുഭക്ഷണം തരപ്പെടുത്തുന്നതിനും പഠനക്ലാസുകൾ ക്യാമ്പുകൾ, യാത്രകൾ സംഘടിപ്പിക്കുന്നതിനും പണം കണ്ടെത്തേണ്ടതുണ്ട് അതുപോലെ തന്നെ കമ്മ്യൂണിറ്റി പോലീസ് ഓഫീസർക്കുള്ള പ്രത്യേക അലവൻസും നൽകേണ്ടതുണ്ട്. ഈ പദ്ധതി കൊണ്ട് പ്രയോജനം നേടാവുന്ന ആഭ്യന്തരം, വിദ്യാഭ്യാസം, വനം, എക്സൈസ്, മോട്ടോർ വാഹനം തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുടെ പദ്ധതി വിഹിതത്തിൽ നിന്നും സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിക്കാവശ്യമായ തുക മാറ്റിവയ്ക്കാവുന്നതാണ്. റോഡ് സേഫ്റ്റി ഫണ്ട്, നിർദ്ദിഷ്ട രാഷ്ട്രീയ മദ്ധ്യമ ശിക്ഷക് അഭിയാൻ, ജനമൈത്രി സുരക്ഷാഫണ്ട് എന്നിവയിൽനിന്നും ഇതിനുള്ള തുക കണ്ടെത്താവുന്നതാണ്.

## പരിശീലനം

പദ്ധതിയുടെ ഉദ്ദേശ്യങ്ങൾ സാക്ഷാത്ക്കരിക്കുന്നതിന് കേഡറ്റുകളുടെ ചുമതലകൾ നിർവ്വഹിക്കുന്നതിന് പര്യാപ്തമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.

*പരിശീലനപരിപാടികളെ 3 ആയി തരം തിരിക്കാവുന്നതാണ്.*

### 1. കായിക പരിശീലനം (Outdoor Classes)

മനസ്സിനും ശരീരത്തിനും അച്ചടക്കം നൽകുന്നതിന് ഏറ്റെടുക്കുവാൻ പോകുന്ന പ്രവർത്തനങ്ങൾ ധീരതയോടും കാര്യക്ഷമതയോടും ചെയ്തുതീർക്കുവാൻ പര്യാപ്തമാക്കുക എന്നുള്ളതാണ് കായിക പരിശീലനത്തിന്റെ ലക്ഷ്യം. അവധിക്കാല ക്യാമ്പുകൾ കൂടാതെ വർഷത്തിൽ 60 മണിക്കൂർ കായിക പരിശീലനത്തിനായി മാറ്റിവയ്ക്കണം.

ആഴ്ചയിൽ ഒരു ദിവസമെങ്കിലും കായിക പരിശീലനത്തിനായി മാറ്റിവയ്ക്കണം. അതിൽ 45 മിനിറ്റ് പി.റ്റി.യും (Physical Training) 45 മിനിറ്റ് പരേഡിനായും മാറ്റിവയ്ക്കണം. 10 മിനിറ്റ് വിശ്രമം ആവശ്യമാണ്. സമയത്തിന്റെ ലഭ്യതയ്ക്കനുസരിച്ച് കേഡറ്റുകൾക്ക് ഗെയിംസിനുള്ള അവസരം കൊടുക്കേണ്ടതാണ്.

മാസത്തിൽ ഒരു തവണ (രണ്ടാം ശനിയാഴ്ചയോ അവധി ദിവസങ്ങളിലോ) റൂട്ട് മാർച്ച്/ക്രോസ്സ്കൺട്രി സംഘടിപ്പിക്കണം. കായിക പരിശീലനത്തിന്റെ വിശദാംശങ്ങൾ അനുബന്ധം 1-ആയി ചേർത്തിരിക്കുന്നു.

### പഠന ക്ലാസ്സുകൾ (Indoor Classes)

പോലീസ് അനുബന്ധവിഷയങ്ങൾ, നിയമകാര്യങ്ങൾ, ഭരണഘടനാ തത്വങ്ങൾ, ? റകീയ പോലീസ് സംവിധാനം, ദേശീയ പ്രസ്ഥാനം, വ്യക്തിത്വ വികസന സംബന്ധമായ വിഷയങ്ങൾ എന്നിവയെക്കുറിച്ച് കേഡറ്റുകളിൽ അവഗാഹം

ഉണ്ടാക്കുകയും കേഡറ്റുകളെ കർത്തവ്യനിരതരായ ആത്മവിശ്വാസമുള്ള പൗരനായി ഉയർത്തുകയും ചെയ്യുക എന്നുള്ളതാണ് പഠനക്ലാസ്സുകളുടെ ഉദ്ദേശ്യം. അവധിക്കാല ക്ലാസ്സുകൾക്ക് പുറമേ വർഷത്തിൽ 40 മണിക്കൂർ പഠനക്ലാസ്സുകൾക്കായി മാറ്റിവയ്ക്കണം. മാസത്തിൽ ഒരു ദിവസം റൂട്ട് മാർച്ച്/ക്രോസ്സ്കൺട്രിക്ക് ശേഷം 3 മണിക്കൂർ പഠനക്ലാസ്സുകൾക്ക് മാറ്റിവയ്ക്കണം. കൂടാതെ വർഷത്തിൽ 10 മണിക്കൂർ മറ്റ് സമയങ്ങളിലായി ക്ലാസ്സ് സംഘടിപ്പിക്കണം. പഠനക്ലാസ്സ് വിരസമാകാതെ നോക്കേണ്ടതും സാധിക്കുമെങ്കിൽ മരത്തിന്റെ ചുവട്ടിൽ വിദഗ്ദ്ധരെ പങ്കെടുപ്പിച്ചു കൊണ്ടുവേണം നടത്തേണ്ടത്. കേഡറ്റ് കേന്ദ്രീകൃത പഠനക്ലാസ്സുകൾക്ക് പ്രാധാന്യം നൽകണം. (വിശദാംശം അനുബന്ധം രണ്ട് നോക്കുക).

**പ്രായോഗിക പരിശീലനം (Practical Training)**

നിയമനിർമ്മാണം, നിയമപരിപാലനം, നീതിനിർവ്വഹണം എന്നിവ നടപ്പിലാക്കുന്ന കേന്ദ്രങ്ങൾ, ചരിത്രപരവും സാംസ്കാരികവും ശാസ്ത്രപരവും ദേശീയവുമായി പ്രാധാന്യമുള്ള സ്ഥലങ്ങൾ എന്നിവ സന്ദർശിച്ച് അവയുടെ പ്രവർത്തനത്തെയും പ്രാധാന്യത്തെയും കുറിച്ച് അവബോധം സൃഷ്ടിക്കുക. പ്രസ്തുത സന്ദർശനത്തെക്കുറിച്ചുള്ള കേഡറ്റിന്റെ നിരീക്ഷണവും കണ്ടെത്തലുകളും എഴുതി സമർപ്പിക്കേണ്ടതാണ്.

സഹപാഠികൾക്കായി നിയമ കുറ്റകൃത്യ നിവാരണ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.

ആതുരസേവനത്തിൽ പങ്കാളികളാകുക. സ്കൂൾ കലോൽസവങ്ങളിലും മറ്റ് വിദ്യാഭ്യാസ മേഖലകളിലും സന്നദ്ധ സേവനം അനുഷ്ഠിക്കുകയും അവയുടെ ക്രമസമാധാന-ട്രാഫിക് നിയന്ത്രണ ചുമതലകൾ ഏറ്റെടുക്കുകയും ചെയ്യുക.

ഇതിനായി സി.പി.ഒ. ലെയ്സൺ ഓഫീസറുടെ സഹായത്തോടെ വിദ്യാലയങ്ങളുടെ സമയ ലഭ്യതയനുസരിച്ച് നടപ്പാക്കേണ്ടതാണ്.

## അവധിക്കാല ക്യാമ്പുകൾ

**മിനി ക്യാമ്പ്**

ജൂനിയർ കേഡററുകളും സീനിയർ കേഡറ്റുകളും ഓണം, ക്രിസ്തുമസ് അവധിക്കാലങ്ങളിൽ നടത്തുന്ന ത്രിദിന ക്യാമ്പുകളിൽ പങ്കെടുക്കേണ്ടതാണ്. ക്യാമ്പുകൾ അതാത് സ്കൂളുകളിൽ വെച്ചായിരിക്കും സംഘടിപ്പിക്കുന്നത്. സ്കൂളുകളുടെ സൗകര്യമനുസരിച്ച് റസിഡൻഷ്യലോ അല്ലാതെയോ നടത്താവുന്നതാണ്.

**വാർഷിക സമ്മർ ക്യാമ്പ്**

ജൂനിയർ എസ്.പി.സി. കൾക്കായി അദ്ധ്യയനവർഷത്തിന്റെ അവസാനത്തിൽ 7 ദിവസം നീണ്ടുനിൽക്കുന്ന റസിഡൻഷ്യൽ ക്യാമ്പ് സംഘടിപ്പിക്കുന്നതാണ്. ജില്ലാ സായുധ ക്യാമ്പ്, ബറ്റാലിയൻ ആസ്ഥാനങ്ങൾ, പോലീസ് ട്രെയിനിംഗ് കോളേജ് (തിരുവനന്തപുരം), പോലീസ് അക്കാദമി, തൃശൂർ എന്നീ കേന്ദ്രങ്ങളിലെവിടെയെങ്കിലുമാണ് സംഘടിപ്പിക്കേണ്ടത്. സമ്മർക്യാമ്പ് ജില്ലാടിസ്ഥാനത്തിലായിരിക്കും സംഘടിപ്പിക്കേണ്ടത്.

**യൂണിഫോം**

കാക്കി പാന്റും കാക്കി ഷർട്ടും (പോലീസ് യൂണിഫോം), ബ്ലാക്ക് ഷൂ, കാക്കി സോക്സ്, ബ്ലാക്ക് ബെൽറ്റ്, ബ്ലൂ ബാരക്ക് ക്യാപ്.

കായിക പരിശീലന സമയത്ത് വെളുത്ത ടീ ഷർട്ടും കറുത്ത പാന്റും, ക്യാൻവാസ്/ഷൂ എന്നിവയും ധരിക്കേണ്ടതാണ്.

**പ്രയോജനം**

1. അച്ചടക്കവും കാര്യശേഷിയും നേതൃപാടവവും സാമൂഹ്യ പ്രതിബദ്ധതയുമുള്ള യുവതലമുറയെ വളർത്തിയെടുക്കാം.
2. നിയമവിധേയത്വം ജീവിതശൈലിയാക്കിമാറ്റാൻ കഴിഞ്ഞാൽ പോലീസ് സേനയുടെ ജോലിഭാരം കുറയുകയും സേനയുടെ സമയവും വിഭവങ്ങളും ആഭ്യന്തരസുരക്ഷ ഉറപ്പുവരുത്തുന്നതിനും സ്ഥിരം കുറ്റവാളികളെ നേരിടുന്നതിനും സമൂഹത്തിന് മെച്ചപ്പെട്ട സേവനം നൽകുന്നതിനും വേണ്ടി വിനിയോഗിക്കാൻ കഴിയും.
3. പോലീസ് സേനയിലേക്ക് കർമ്മോത്സുകരും നല്ല മനോഭാവമുള്ളവരും സേവനതല്പരരുമായ യുവതീ-യുവാക്കളെ അംഗങ്ങളായി ലഭിക്കും.
4. അടിയന്തിര ഘട്ടങ്ങളിൽ രാജ്യസേവനത്തിനായി യുവതീ-യുവാക്കളുടെ ഒരു കർമ്മസേന എപ്പോഴും തയ്യാറായിരിക്കും.

## ഉപക്രമം

Student Police Cadet പദ്ധതി കേരളത്തിലെ നിലവിലുള്ളതും ഇനി വരാനിരിക്കുന്നതുമായ മുഴുവൻ വിദ്യാർത്ഥികൾക്കും പ്രയോജനപ്രദമാകേണ്ടതാണ്. എന്നാൽ ആരംഭഘട്ടത്തിൽ ഓരോ പോലീസ് ജില്ലയിലേയും ആറ് സ്കൂളുകളിൽ ഈ പദ്ധതി നടപ്പാക്കുന്നതായിരിക്കും പ്രായോഗികം. സർക്കാർ ധനസഹായം ലഭിക്കാത്ത പബ്ലിക് സ്കൂളുകളിൽ അവരവരുടെ സ്വന്തം ചിലവിൽ ഈ പദ്ധതി നടപ്പാക്കാൻ സഹായിക്കാവുന്നതാണ്. ഭാവി സമൂഹത്തെ പടുത്തുയർത്തുവാനുള്ള ഒരു സംരംഭം എന്നുള്ള നിലയിൽ പദ്ധതിയുടെ നയരൂപീകരണത്തിലും നടത്തിപ്പിലും യാതൊരുവിധ വിഭാഗീയതയും സങ്കുചിത താല്പര്യങ്ങളും കടന്നു കൂടാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# സ്റ്റുഡന്റ്-പോലീസ് കേഡറ്റ്

## പ്രവർത്തന കലണ്ടർ (ജൂനിയർ)

**ജൂൺ**

| | | |
|---|---|---|
| 19-നു മുൻപ് | | സ്കൂൾതല ഉപദേശകസമിതി രൂപീകരണം |
| | | സ്കൂൾതല ഉപദേശകസമിതി യോഗം |
| | | എസ്.പി.സി. തെരഞ്ഞെടുപ്പ് |
| | | സ്കൂൾതല ഉദ്ഘാടനം |

**ജൂലൈ**

| | | |
|---|---|---|
| | | എസ്.പി.സി. പ്രവർത്തന ആരംഭം (എൻറോൾമെന്റ്) |
| 6, 13, 20, 27 | 7.30–8.30 am | കായിക പരിശീലനം |
| 2, 9, 16, 23, 30 | 4.30–5.15 pm | പരേഡ് |
| 10 (രണ്ടാം ശനി) | 7–8.30 am | റൂട്ട്മാർച്ച്/ക്രോസ്സ്കൺട്രി |
| | 9–10 am | ക്ലാസ്സ് |
| | 10–11 am | പ്രമുഖവ്യക്തികളുമായി അഭിമുഖം |
| | 11–12 am | ക്ലാസ്സ് |

**ആഗസ്റ്റ്**

| | | |
|---|---|---|
| 15 | 7.30–11 am | സ്വാതന്ത്ര്യദിനാഘോഷം |
| 1, 8, 15, 22, 29 | 7.30–8.30 am | കായികപരിശീലനം/പരേഡ് |
| 7, 21, 28 | 4–4.45 pm | പരേഡ് |
| 26, 27, 28 | 7 am–4 pm | മിനിക്യാമ്പ് (ത്രിദിന ക്യാമ്പ്) |

**സെപ്റ്റംബർ**

| | | |
|---|---|---|
| 2, 9, 16, 23, 30 | 7.30–8.30 am | കായിക പരിശീലനം |
| 6, 20, 27 | 4.30–5.15 pm | പരേഡ് |
| 11 (രണ്ടാം ശനി) | 7–8.30 am | റൂട്ട്മാർച്ച്/ക്രോസ്സ്കൺട്രി |
| | 9–10 am | ക്ലാസ്സ് |
| | 10–11 am | പ്രമുഖ വ്യക്തികളുമായി അഭിമുഖം |
| | 11–12 am | ക്ലാസ്സ് |

**ഒക്ടോബർ**

| | | |
|---|---|---|
| 2 | 7–11 am | ഗാന്ധി ജയന്തി ദിനാഘോഷം |
| 5, 12, 19, 26 | 7.30–8.30 am | കായിക പരിശീലനം |
| 1, 15, 22, 29 | 4.30–5.15 pm | പരേഡ് |
| 9 (രണ്ടാം ശനി) | 7–8.30 am | റൂട്ട് മാർച്ച്/ക്രോസ്സ്കൺട്രി |
| | 9–10 am | ക്ലാസ്സ് |
| | 10–11 am | പ്രമുഖ വ്യക്തികളുമായി അഭിമുഖം |
| | 11–12 am | ക്ലാസ്സ് |

നവംബർ

| | | |
|---|---|---|
| 3, 10, 17, 24 | 7.30-8.30 am | കായിക പരിശീലനം |
| 13 (രണ്ടാം ശനി) | 7-8.30 am | റൂട്ട്മാർച്ച്/ക്രോസ്സ്കൺട്രി |
| | 9-10 am | ക്ലാസ്സ് |
| | 10-11 am | പ്രമുഖ വ്യക്തികളുമായി അഭിമുഖം |
| | 11-12 am | ക്ലാസ്സ് |
| 6, 20, 27 | 4-4.45 pm | പരേഡ് |

ഡിസംബർ

| | | |
|---|---|---|
| 7, 14, 21 | 7.30-8.30 am | കായിക പരിശീലനം |
| 3, 10, 17 | 4.30-5.15 pm | പരേഡ് |
| 27, 28, 29 | 8.30 am-4 pm | ത്രിദിന ക്യാമ്പ് |

ജനുവരി

| | | |
|---|---|---|
| 4, 11, 18, 25 | 7.30-8.30 am | കായിക പരിശീലനം |
| 7, 21, 28 | 4.30-5.15 pm | പരേഡ് |
| 9 (രണ്ടാം ശനി) | 7-8.30 am | റൂട്ട്മാർച്ച്/ക്രോസ്സ്കൺട്രി |
| | 9-10 am | ക്ലാസ്സ് |
| | 10-11 am | പ്രമുഖ വ്യക്തികളുമായി അഭിമുഖം |
| | 11-12 am | ക്ലാസ്സ് |

ഫെബ്രുവരി

| | | |
|---|---|---|
| 1, 8, 15, 22 | 7.30-8.30 am | കായിക പരിശീലനം |
| 13 (രണ്ടാം ശനി) | 7-8.30 am | റൂട്ട്മാർച്ച്/ക്രോസ്സ്കൺട്രി |
| | 9-10 am | ക്ലാസ്സ് |
| | 10-11 am | പ്രമുഖ വ്യക്തികളുമായി അഭിമുഖം |
| | 11-12 am | ക്ലാസ്സ് |

മാർച്ച് — അവധി

ഏപ്രിൽ - മേയ് സമ്മർക്യാമ്പ് ഏഴ് ദിന സമ്മർക്യാമ്പ്

ആകെ സമയം 130.00 മണിക്കൂർ

മുകളിൽ സൂചിപ്പിച്ചിട്ടുള്ള പ്രവർത്തനങ്ങളിൽ ഒരു കേഡറ്റ് ഏറ്റവും കുറഞ്ഞ 75% ഹാജർ രേഖപ്പെടുത്തിയിരിക്കുകയും അവധിക്കാല പരിശീലനം വിജയകരമായ പൂർത്തിയാക്കുകയും വേണം. കൂടാതെ 2 വർഷത്തിലൊരിക്കൽ വനം വകുപ്പുമായ സഹകരിച്ച് നടത്തുന്ന പ്രകൃതി പഠന ക്യാമ്പിൽ പങ്കെടുക്കണം.

# സ്റ്റുഡന്റ്- പോലീസ് കേഡറ്റ്

## പ്രവർത്തന കലണ്ടർ (സീനിയർ)

**ജൂൺ**

| | | |
|---|---|---|
| 19-നു മുൻപ് | | സ്കൂൾതല ഉപദേശകസമിതി രൂപീ. |
| | | സ്കൂൾതല ഉപദേശകസമിതി യോ |
| | | എസ്. പി. സി. തെരഞ്ഞെടുപ്പ് |
| | | സ്കൂൾതല ഉദ്ഘാടനം |

**ജൂലൈ**

| | | |
|---|---|---|
| | | എസ്. പി. സി. പ്രവർത്തന ആരംഭം (എൻറോൾമെന്റ്) |
| 6, 13, 20, 27 | 7.30-8.30 am | കായിക പരിശീലനം |
| 10 (രണ്ടാം ശനി) | 7-8.30 am | റൂട്ട്മാർച്ച്/ക്രോസ്കൺട്രി |
| | 9-10 am | ക്ലാസ്സ് |
| | 10-11 am | പ്രമുഖ വ്യക്തികളുമായി അഭിമുഖം |
| | 11-12 am | ക്ലാസ്സ് |

**ആഗസ്റ്റ്**

| | | |
|---|---|---|
| 15 | 7.30-11 am | സ്വാതന്ത്ര്യ ദിനാഘോഷം |
| 1, 8, 15, 22, 29 | 7.30-8.30 am | കായിക പരിശീലനം/പരേഡ് |
| 26, 27, 28 | 7 am-4 pm | മിനി ക്യാമ്പ് (ത്രിദിന ക്യാമ്പ്) |

**സെപ്റ്റംബർ**

| | | |
|---|---|---|
| 2, 9, 16, 23, 30 | 7.30-8.30 am | കായിക പരിശീലനം |
| 11 (രണ്ടാം ശനി) | 7-8.30 am | റൂട്ട്മാർച്ച്/ക്രോസ്കൺട്രി |
| | 9-10 am | ക്ലാസ്സ് |
| | 10-11 am | പ്രമുഖ വ്യക്തികളുമായി അഭിമുഖം |
| | 11-12 am | ക്ലാസ്സ് |

**ഒക്ടോബർ**

| | | |
|---|---|---|
| 2 | 7-11 am | ഗാന്ധി ജയന്തി ദിനാഘോഷം |
| 5, 12, 19, 26 | 7.30-8.30 am | കായിക പരിശീലനം |
| 9 (രണ്ടാം ശനി) | 7-8.30 am | റൂട്ട് മാർച്ച്/ക്രോസ്കൺട്രി |
| | 9-10 am | ക്ലാസ്സ് |
| | 10-11 am | പ്രമുഖ വ്യക്തികളുമായി അഭിമുഖം |
| | 11-12 am | ക്ലാസ്സ് |

GCPT 3/2210/2010/DTP.

**നവംബർ**

| | | |
|---|---|---|
| 3, 10, 17, 24 | 7.30-8.30 am | കായിക പരിശീലനം |
| 13 (രണ്ടാം ശനി) | 7-8.30 am | റൂട്ട്മാർച്ച്/ക്രോസ്കൺട്രി |
| | 9-10 am | ക്ലാസ്സ് |
| | 10-11 am | പ്രമുഖ വ്യക്തികളുമായി അഭിമുഖം |
| | 11-12 am | ക്ലാസ്സ് |

**ഡിസംബർ**

| | | |
|---|---|---|
| 7, 14, 21 | 7.30-8.30 am | കായിക പരിശീലനം |
| 27, 28, 29 | 8.30 am-4 pm | ട്രക്കിങ് ക്യാമ്പ് |

**ജനുവരി**

| | | |
|---|---|---|
| 4, 11, 18, 25 | 7.30-8.30 am | കായിക പരിശീലനം |
| 9 (രണ്ടാം ശനി) | 7-8.30 am | റൂട്ട്മാർച്ച്/ക്രോസ്കൺട്രി |
| | 9-10 am | ക്ലാസ്സ് |
| | 10-11 am | പ്രമുഖ വ്യക്തികളുമായി അഭിമുഖം |
| | 11-12 am | ക്ലാസ്സ് |
| 22 | 8.00-12 am | പാസിംഗ് ഔട്ട് പരേഡ് |

**ഫെബ്രുവരി**

| | | |
|---|---|---|
| 1, 8, 15, 22 | 7.30-8.30 am | കായിക പരിശീലനം |
| 13 (രണ്ടാം ശനി) | 7-8.30 am | റൂട്ട്മാർച്ച്/ക്രോസ്കൺട്രി |
| | 9-10 am | ക്ലാസ്സ് |
| | 10-11 am | പ്രമുഖ വ്യക്തികളുമായി അഭിമുഖം |
| | 11-12 am | ക്ലാസ്സ് |

**മാർച്ച്** അവധി

ഏപ്രിൽ - മേയ് വേനൽക്യാമ്പ്. ഏഴ് ദിന സമ്മർക്യാമ്പ്

ആകെ സമയം 136.00 മണിക്കൂർ

മുകളിൽ സൂചിപ്പിച്ചിട്ടുള്ള പ്രവർത്തനങ്ങളിൽ ഒരു കേഡറ്റ് ഏറ്റവും കുറഞ്ഞത് 75% ഹാജർ രേഖപ്പെടുത്തേണ്ടതാകുന്നതും അവധിക്കാല പരിശീലനം വിജയകരമായി പൂർത്തിയാക്കുകയും വേണം. കൂടാതെ 2 വർഷത്തിലൊരിക്കൽ വനം വകുപ്പുമായി സഹകരിച്ച് നടത്തുന്ന പ്രകൃതി പഠന ക്യാമ്പിൽ പങ്കെടുക്കണം.

ആതുരസേവനം (15 മണിക്കൂർ)

ഗവൺമെന്റ് ആശുപത്രികൾ, അനാഥാലയങ്ങൾ, പൊതുജന സേവന കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ 5 ദിനങ്ങളിലായി 3 മണിക്കൂർ വീതം സന്നദ്ധ പ്രവർത്തനം നടത്തേണ്ടതാണ്.

കമ്മ്യൂണിറ്റി സർവ്വേ (5 മണിക്കൂർ)

റസിഡൻസ് അസോസിയേഷനുകളുമായി സഹകരിച്ച് സ്കൂളിനു സമീപമുള്ള ഒരു പിന്നോക്ക പ്രദേശത്തെ ജനവാസ കോളനി/ഗ്രാമത്തിലെ വീടുകളിൽ സന്ദർശനം നടത്തി നിശ്ചിത ഫോറത്തിൽ വിവരങ്ങൾ രേഖപ്പെടുത്തുകയും ജനങ്ങളുടെ സാമൂഹിക സാമ്പത്തിക സാംസ്കാരിക വിദ്യാഭ്യാസ പശ്ചാത്തലം മനസ്സിലാക്കുന്നതിനും വിശകലനം ചെയ്ത് റിപ്പോർട്ട് തയ്യാറാക്കുകയും പ്രസ്തുത പ്രദേശത്തിന്റെ പുരോഗതിക്കായി പദ്ധതി തയ്യാറാക്കുകയും ചെയ്യുക.

ബോധവത്കരണ ക്ലാസ്സുകൾ (15 മണിക്കൂർ)

താഴ്ന്ന ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായി സ്കൂൾ അദ്ധ്യാപകന്റെ മേൽനോട്ടത്തിൽ നിയമ സാക്ഷരത ക്ലാസ്സുകൾ, മദ്യ, മയക്കുമരുന്ന് വിരുദ്ധ ക്ലാസ്സുകൾ, ട്രാഫിക് ബോധവൽക്കരണ ക്ലാസ്സുകൾ എന്നിവ സംഘടിപ്പിക്കുക.

കോടതി സന്ദർശനം (3 മണിക്കൂർ)

വിവിധ സിവിൽ, ക്രിമിനൽ കേസുകളുടെ നടപടി മനസ്സിലാക്കുന്നതിനായി കേഡറ്റുകൾ മുൻകൂർ അനുമതിയോടെ തൊട്ടടുത്ത കോടതിയിൽ സന്ദർശനം നടത്തുകയും ഏതെങ്കിലും ഒരു ക്രിമിനൽ കേസിന്റെ വസ്തുത മനസ്സിലാക്കി റിപ്പോർട്ട് തയ്യാറാക്കുക.

ജയിൽ സന്ദർശനം (3 മണിക്കൂർ)

തെരഞ്ഞെടുത്ത ജയിൽ തടവുകാരിൽ നിന്നും അവർ ശിക്ഷിക്കപ്പെട്ട കേസിനെ പറ്റിയുള്ള വിവരശേഖരണം, അവർ ശിക്ഷിക്കപ്പെട്ടതെങ്ങനെ? അവർ കേസിൽ ഉൾപ്പെട്ടതെങ്ങനെ? ശിക്ഷ എങ്ങനെ? വീട്ടുകാരുടെ അവസ്ഥ, അവരുടെ മാനസിക അവസ്ഥ തുടങ്ങിയവ ഉൾക്കൊള്ളിച്ച് റിപ്പോർട്ട് തയ്യാറാക്കുക.

പോലീസ് പട്രോളിംഗ് (10 മണിക്കൂർ)

അഞ്ചു ദിനങ്ങളിലായി 3 മണിക്കൂർ വീതം പോലീസുമായി വാഹനത്തിൽ പട്രോളിംഗ് നടത്തുക.

ട്രാഫിക് വാർഡൻ (10 മണിക്കൂർ)

മൂന്നുമാസത്തിനുള്ളിൽ 10 ദിവസങ്ങളിലായി ഒരു മണിക്കൂർ വീതം സ്കൂളിന മുൻവശമോ സമീപത്തോ ഉള്ള പ്രധാന തിരക്കേറിയ ജംഗ്ഷനിൽ പോലീസിന്റെ സഹായത്തോടെ ട്രാഫിക് വാർഡനായി സേവനമനുഷ്ഠിക്കുക.

## STUDENTS POLICE CADET
APPLICATION PRO FORMA

1. Name of the Student
2. Sex
3. Class
4. Date of Birth
5. Blood Group
6. Name of Father
7. Name of Mother
8. Residential address

9. Telephone No.
10. Details of Family members

| *Sl. No.* | *Name* | *Age* | *Relation* | *Occupation* | *Qualification* |
|---|---|---|---|---|---|
| | | | | | |

**List of Best Friends**

| *Name* | *Address* | *Phone number* |
|---|---|---|
| | | |

**Result of Last Examination**

| *Class* | *Percentage of Mark scored (Total marks) with Grade* |
|---|---|
| | |

**Mention your favourites**

| | |
|---|---|
| Sports<br>Games<br>Arts<br>Food<br>Hobbies<br>Literature | |

Write about your Ambition

*Signature of Applicant.*

**No. 35/SPC SECTT./PHQ/12**
PHQ, Thiruvananthapuram
Dated 28.05.2013

**23.05.2013 ന് 11.30 മണിക്ക് പോലീസ് ആസ്ഥാനത്തെ ബോർഡ് റൂമിൽ ചേർന്ന സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ സംസ്ഥാനതല ഉപദേശക സമിതിയുടെ നടപടിക്കുറിപ്പുകൾ.**

23.05.2013 ന് 11.30 മണിക്ക് പോലീസ് ആസ്ഥാനത്തെ ബോർഡ് റൂമിൽ ചേർന്ന സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ സംസ്ഥാനതല ഉപദേശക സമിതി യോഗം സംസ്ഥാന പോലീസ് മേധാവിയും പദ്ധതിയുടെ ചെയർമാനുമായ ശ്രീ. കെ. എസ്. ബാലസുബ്രഹ്മണ്യൻ IPS ന്റെ അദ്ധ്യക്ഷതയിൽ നടന്നു.

യോഗത്തിൽ പങ്കെടുത്തവരുടെ പേരു വിവരം :

1. Shri. P. Chandrasekharan IPS , CMT-General, Fire & Rescue Services
2. Shri. P. Vijayanand IPS, Transport Commissioner
3. Shri.Manoj Abraham IPS, IGP (HQ)
4. Shri. P. Vijayan IPS, DPC TVPM City & SNO, SPC Project
5. Shri. K. Ajith, I/C Director, Vocational Higher Secondary Education
6. Prof. P.A. Sajudeen, Joint Director, Department Of Higher Secondary Education
7. Shri. Radhakrishnan , Addl. Excise Commissioner Enforcement
8. Shri.P.M. Thomas , Additional Secretary, General Education Department
9. Shri. P.S Abdul Rassak, Secretary Kerala Sports Council
10. Dr. K. Prakash, NSS State Liaison Officer
11. Shri.S.Noohu , Deputy Chief Registrar , Directorate of Panchayat
12. Shri. E. Fazil, VHSE & NSS State Co-ordinator
13. Shri.K.G.Babu, ASNO SPC Project

06.02.2013 ലെ സംസ്ഥാനതല ഉപദേശക സമിതി യോഗതീരുമാനങ്ങൾ അവലോകനം ചെയ്തു കൊണ്ട് സംസ്ഥാന പോലീസ് മേധാവി യോഗനടപടികൾക്ക് തുടക്കം കുറിച്ചു. ഉപദേശക സമിതി തീരുമാനങ്ങളിലുണ്ടായ പുരോഗതി സ്റ്റേറ്റ് നോഡൽ ഓഫീസർ വിശദീകരിച്ചു. തുടർന്നു നടന്ന ചർച്ചയിൽ കൈക്കൊണ്ട യോഗ തീരുമാനങ്ങൾ:

157

1. ഡ്രിൽ ഇൻസ്ട്രക്ടർ മാരായി പ്രവൃത്തിയെടുത്തു വരുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് എസ്.പി.സി ഫണ്ടിൽ നിന്നും 500 രൂപാ വീതം പ്രതിമാസം സ്പെഷ്യൽ അലവൻസ് നൽകുന്നതിനും അഡീഷണൽ ഫണ്ടിന് സർക്കാരിലേക്ക് പ്രൊപ്പോസൽ അയയ്ക്കുന്നതിനും യോഗം തീരുമാനിച്ചു. (നടപടി എസ്.എൻ.ഒ).

2. 2013-ലെ സംസ്ഥാനതലത്തിലും ജില്ലാതലത്തിലുമുള്ള വാർഷിക സമ്മർ ക്യാമ്പിനുവേണ്ടി അനുവദിച്ച 19,42,400/- രൂപയിൽ 7,42,400/- രൂപ 16 ജില്ലകൾക്കായി വീതിച്ചു നൽകി ബാക്കി 12,00,000/- രൂപ സംസ്ഥാനതല സമ്മർക്യാമ്പിനായി വകയിരുത്തി. ഇതിൽ 10,65,417/- രൂപ ഇതുവരെ ചെലവാകുകയും ബാക്കി തുകയായ 1,34,583/- രൂപ സമ്മർ ക്യാമ്പിന്റെ അനുബന്ധ ചെലവുകളായ സമ്മർ ക്യാമ്പ് റിപ്പോർട്ട് നിർമ്മാണം, വീഡിയോ നിർമ്മാണം, ഡോക്കുമെന്റേഷൻ ചാർജ്ജ്, എഡിറ്റിംഗ് ചാർജ്ജ് മുതലായവയ്ക്ക് വകയിരുത്തുകയും ചെയ്തതായി സ്റ്റേറ്റ് നോഡൽ ഓഫീസർ സമർപ്പിച്ച റിപ്പോർട്ടും വരവു-ചെലവ് കണക്കുകളും യോഗം അംഗീകരിച്ചു. ഇതുമായി ബന്ധപ്പെട്ട ഓഡിറ്റ് നടത്തുവാൻ സ്റ്റേറ്റ് നോഡൽ ഓഫീസറെ ചുമതലപ്പെടുത്തി. (നടപടി എസ്.എൻ.ഒ).

3. പദ്ധതിയുമായി ബന്ധപ്പെട്ട് കേഡറ്റുകൾ ഔട്ട്ഡോർ സന്ദർശനം, നേച്ചർ ക്യാമ്പ്, ട്രാഫിക് ബോധവൽക്കരണം, കളരി, കുങ്ഫു മറ്റ് കായിക പരിശീലനങ്ങൾ എന്നിവയിൽ പങ്കെടുക്കുമ്പോൾ അപകടം ഉണ്ടാകാൻ സാധ്യത ഉള്ളതിനാൽ രക്ഷകർത്താക്കളിൽ നിന്നും സമ്മതപത്രം വാങ്ങാനും ഇതിന്റെ മാതൃക തയ്യാറാക്കി ഡി.എൻ.ഒ മാർക്ക് അയച്ചു കൊടുക്കാനും തീരുമാനിച്ചു. (പുതുതായി എസ്.പി.സി സ്കൂളുകളേയും കേഡറ്റുകളേയും തിരഞ്ഞെടുക്കുന്നതിനു വേണ്ടി സമർപ്പിച്ച മാനദണ്ഡങ്ങൾ യോഗം അംഗീകരിച്ചു. (മാനദണ്ഡത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു)

4. പുതിയ സ്കൂളുകളിൽ എസ്.പി.സി പദ്ധതി അനുവദിക്കുമ്പോൾ എൻ.സി.സി, സ്കൗട്ട് ആന്റ് ഗൈഡ്സ് തുടങ്ങിയവ ഇല്ലാത്ത സ്കൂളുകൾക്ക് മുൻഗണന നൽകാൻ തീരുമാനിച്ചു. (നടപടി എസ്.എൻ.ഒ).

5. നിലവിലുള്ള സ്കൂളുകളുടെ ഇതുവരെയുള്ള പ്രവർത്തനം അവലോകനം ചെയ്ത് നിലനിർത്താൻ സാധ്യമല്ലാത്ത സ്കൂളുകളെ ഒഴിവാക്കാൻ വേണ്ടി സമർപ്പിച്ച മാനദണ്ഡം യോഗം അംഗീകരിച്ചു. ഇതിനുവേണ്ടി ജില്ലാതല ഉപദേശകസമിതിക്ക് നിർദ്ദേശം നൽകാനും തീരുമാനിച്ചു. (നടപടി എസ്.എൻ.ഒ/ഡി.എൻ.ഒ. മാനദണ്ഡത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു).

6. ഇപ്പോൾത്തന്നെ 500-ൽ അധികം പോലീസ് ഉദ്യോഗസ്ഥർ എസ്.പി.സി പദ്ധതി യുമായി ബന്ധപ്പെട്ട് ജോലി ചെയ്യുന്നതിനാൽ കൂടുതൽ കാര്യക്ഷമമായും ക്രിയാത്മകമായും പദ്ധതി നടപ്പാക്കുന്നതിനുവേണ്ടി പുതുതായി 600 തസ്തികൾ

പോലീസ് കോൺസ്റ്റാബുലറിയിലും അനുബന്ധമായി സൂപ്പർവൈസറി തസ്തികകളും സൃഷ്ടിക്കുന്നതിനും കൂടാതെ മിനിസ്റ്റീരിയൽ സ്റ്റാഫും മറ്റ് ആവശ്യമായ സംവിധാനങ്ങളും ഉണ്ടാക്കുന്നതിനും വേണ്ടി സർക്കാരിലേക്ക് പ്രൊപ്പോസൽ അയയ്ക്കുവാൻ യോഗം തീരുമാനിച്ചു. (നടപടി എസ്.എൻ.ഒ.).

7. പുതുതായി എസ്.പി.സി സ്കൂളുകളേയും കേഡറ്റുകളേയും തിരഞ്ഞെടുക്കുന്നതിനു വേണ്ടി സമർപ്പിച്ച മാനദണ്ഡങ്ങൾ യോഗം അംഗീകരിച്ചു. (മാനദണ്ഡത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. നടപടി എസ്.എൻ.ഒ/ഡി.എൻ.ഒ.)

8. പദ്ധതിയിലെ സി.പി.ഒ/എ.സി.പി.ഒ മാരെ പോലീസിലെ എസ്.ഐ മാരിൽ നിന്നും വേർതിരിച്ചറിയുന്നതിനായി അവരുടെ യൂണിഫോം ഷർട്ടിന്റെ വലതു ഭുജത്തിൽ എസ്.പി.സി യുടെ എംബ്ലത്തിന്റെ മാതൃകയിലുള്ള "INSIGNIA" നൽകാൻ തീരുമാനിക്കുകയും ജൂൺ മാസത്തിൽ തന്നെ ഇത് നടപ്പിൽ വരുത്തുവാൻ എസ്.എൻ.ഒ യെ ചുമതലപ്പെടുത്തുകയും ചെയ്തു.

9. 2013-14 അദ്ധ്യയന വർഷത്തിൽ നടപ്പിലാക്കുവാനായി ജൂനിയർ കേഡറ്റുകൾക്ക് വേണ്ടി തയ്യാറാക്കി സമർപ്പിച്ച ആക്റ്റിവിറ്റി കലണ്ടറും സീനിയർ കേഡറ്റുകൾക്കായി സമർപ്പിച്ച ആക്റ്റിവിറ്റി കലണ്ടറും അംഗീകരിച്ചു. ഇതിൽ ഗ്രാമ സഭയേയും പഞ്ചായത്ത് ഓഫീസിനെയും സന്ദർശനത്തിൻ ഉൾപ്പെടുത്താനും ഔട്ട്ഡോർ ക്ലാസിൽ ഡിസാസ്റ്റർ മാനേജ്മെന്റ് പ്രാക്റ്റിക്കലായി സംഘടിപ്പിക്കുവാനും യോഗം തീരുമാനിച്ചു. (നടപടി എസ്.എൻ.ഒ).

10. ഫയർ ഡ്രിൽ പഠിപ്പിക്കാൻ ഫയർ ആന്റ് റെസ്ക്യൂ വകുപ്പിന്റെ സേവനം പ്രയോജനപ്പെടുത്താനും ഇതിലേയ്ക്കായി കമാണ്ടന്റ് ജനറലിന് കത്തയയ്ക്കാനും തീരുമാനിച്ചു. (നടപടി എസ്.എൻ.ഒ).

11. ഹയർസെക്കന്ററി സ്കൂൾ കേഡറ്റുകൾക്ക് ഓഗസ്റ്റ് മാസം 15-നു മുൻപ് ലീഡർഷിപ്പ് ക്യാമ്പ് സംഘടിപ്പിക്കുന്നതിന് വേണ്ടി വിശദമായ പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിക്കാൻ ശ്രീ. ഇ. ഫാസിലിനെ ചുമതലപ്പെടുത്തി.

12. കേഡറ്റ്സിന് വേണ്ടിയുള്ള ഡയറി പ്രിന്റ് ചെയ്യുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ എൻ.ആർ.എച്ച്.എം മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങിയവയുമായി ചേർന്ന് ചെയ്യുന്നതിനും അതിനു വേണ്ടി വരുന്ന ഫണ്ട് മേപ്പടി സ്ഥാപനങ്ങളോട് ആവശ്യപ്പെടാനും യോഗം തീരുമാനിച്ചു. (നടപടി എസ്.എൻ.ഒ).

13. പദ്ധതി നടപ്പാക്കാൻ ആവശ്യമായ കേഡറ്റുകൾ ഇല്ലാത്തതിനാൽ തൈക്കാട് മോഡൽ ഹൈസ്കൂളിനെ ഒഴിവാക്കണമെന്ന തിരുവനന്തപുരം സിറ്റി ജില്ലാ ഉപദേശക സമിതിയുടെ തീരുമാനം യോഗം അംഗീകരിച്ചു. (നടപടി എസ്.എൻ.ഒ).

14. 2013-14 അധ്യയന വർഷത്തിൽ ഐ.എം.ജി യുടെ സഹായത്തോടെ സി.പി.ഒ/എ.സി.പി.ഒ/ഡി.ഐ എന്നിവർക്ക് ബേസിക് ട്രയിനിങ്ങും റിഫ്രഷർ കോഴ്സും സംഘടിപ്പിക്കുവാൻ വേണ്ടി അപേക്ഷ നൽകാൻ തീരുമാനിച്ചു. (നടപടി എസ്.എൻ.ഒ).

15. റ്റി.ഐ.എസ്.എസ് ( റ്റാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സർവീസസ്) നെക്കൊണ്ട് എസ്.പി.സി പദ്ധതിയെക്കുറിച്ചുള്ള സ്വതന്ത്രമായ ഫീൽഡ് തല അന്വേഷണം നടത്തി പദ്ധതിയുടെ നിർവഹണവും മറ്റ് വശങ്ങളും പഠിച്ച് റിപ്പോർട്ട് ലഭിക്കുന്നതിനുവേണ്ടി പ്രൊപ്പോസൽ അയയ്ക്കാൻ തീരുമാനിച്ചു. (നടപടി എസ്.എൻ.ഒ).

16. സീനിയർ കേഡറ്റുകൾക്കുള്ള സർട്ടിഫിക്കറ്റ് പ്രിന്റ് ചെയ്യുന്നതിനാവശ്യമായ തുക 2013-14 വർഷത്തെ പ്ലാൻ ഫണ്ടിൽ നിന്ന് കണ്ടെത്താനും, പ്രിന്റിംഗ് കേരളാ ബുക്ക്സ് ആന്റ് പബ്ലിക്കേഷൻസിനെ ഏൽപ്പിക്കുന്നതിനും തീരുമാനിച്ചു. (നടപടി എസ്.എൻ.ഒ).

17. സംസ്ഥാനാടിസ്ഥാനത്തിൽ മികച്ച എസ്.പി.സി ജില്ലയേയും ജില്ലാടിസ്ഥാനത്തിൽ മികച്ച എസ്.പി.സി സ്കൂളിനേയും തിരഞ്ഞെടുക്കാൻ സമർപ്പിച്ച മാനദണ്ഡം യോഗം അംഗീകരിച്ചു. (നടപടി എസ്.എൻ.ഒ/ഡി.എൻ.ഒ).

18. 2013 വർഷത്തിൽ എസ്.എസ്.എൽ.സി പരീക്ഷയിൽ എല്ലാ വിഷയത്തിനും എ+ നേടിയ കേഡറ്റുകൾക്ക് അക്കാഡമിക് ഓറിയന്റേഷനിലും കരിയർ ഗൈഡൻസിലും നൈപുണ്യം ലഭിക്കുന്നതിനുള്ള രണ്ട് ദിവസത്തെ ക്യാമ്പ് ഹയർ സെക്കന്ററി ഡിപ്പാർട്ട്മെന്റുമായി ചേർന്നു നടത്തുന്നതിനും ഇതിനുവേണ്ടി വരുന്ന ഫണ്ട് എഡ്യൂക്കേഷൻ വകുപ്പിൽ നിന്നും കണ്ടെത്തുന്നതിനും തീരുമാനിക്കുകയും ഇതിനാവശ്യമായ നടപടി സ്വീകരിക്കാൻ ശ്രീ.ഇ. ഫാസിലിനെ ചുമതലപ്പെടുത്തുകയും ചെയ്തു.

12.55 മണിക്ക് യോഗം സമാപിച്ചു.

**സംസ്ഥാന പോലീസ് മേധാവി &**

ചെയർമാൻ - സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി

സെക്ഷൻ ഓഫീസർ.